പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :4203 12.11.2019-ലെ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വ്യവസായ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വ്യവസായ പാർക്ക് അനുവദിക്കുന്നതിനായി 2019-20 വർഷത്തെ ബജറ്റിൽ 20 കോടി രൂപ പ്രഖ്യാപിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഇതു സംബന്ധിച്ച പ്രാരംഭനടപടികൾ ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത തുക ലാപ്സാകാതെ ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി ആരംഭിക്കാൻ നടപടികളുണ്ടാകുമോയെന്ന് അറിയിക്കുമോ? | **(എ)&(ബി)** കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വ്യവസായ പാർക്ക് അനുവദിക്കുന്നതിനായി 2019-20 വർഷത്തെ ബജറ്റിൽ തുകയൊന്നും പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ 4885-01-200-95-(പദ്ധതി) എന്ന ശീർഷകത്തിൽ കാസർഗോഡ് ജില്ലയിൽ കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ ഇൻഡസ്ട്രിയൽ സ്പേസ് എന്ന പുതിയ പദ്ധതിയ്ക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ